പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1542 — 22.03.2013- ൽ മറുപടിക്ക്

## ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ലൂഡി ലൂയിസ്:<br>,, എം. പി. വിൻസെന്റ്:<br>,, ഷാഫി പറമ്പിൽ :<br>,, പി. എ. മാധവൻ: | ശ്രീ. കെ.പി മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി ) |
| (എ) സംസ്ഥാനത്ത് മൃഗസംരക്ഷണ ഉപാധികൾ ലഭ്യമാക്കുന്ന ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) നടപ്പിലാക്കിയിട്ടുണ്ട്.<br>2011-12 വർഷത്തെ ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട് പദ്ധതിയിൽ 14 ജില്ലകളിലെ 73 ഡയറി ബ്ലോക്കിലെ 14 തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. 2011-12-ലെ പദ്ധതി സ്പിൽഓവറായി വിവിധ ജില്ലകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതോടൊപ്പം 2012-13 വർഷത്തിൽ താഴെപ്പറയുന്ന 8 ഗ്രാമ പഞ്ചായത്തുകളിലും ഒരു ബ്ലോക്ക് പഞ്ചായത്തിലുമാണ് നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുള്ളത്.<br>കോട്ടയം - കടപ്ലാമറ്റം<br>ആലപ്പുഴ - ചെന്നിത്തല<br>മലപ്പുറം - ആനക്കയം<br>തൃശൂർ - അതിരപ്പള്ളി<br>എറണാകുളം - ഇടക്കാട്ടുവയൽ<br>തിരുവനന്തപുരം - ഇലകമൺ<br>കൊല്ലം -നെടുമ്പന<br>പാലക്കാട് -കോട്ടോപ്പാടം<br>ഇടുക്കി-ഇടുക്കി ബ്ലോക്ക്പഞ്ചായത്ത്<br>ഓരോ തെരഞ്ഞെടുത്ത പഞ്ചായത്തിലും 5 ലക്ഷം രൂപ വീതം മൃഗസംരക്ഷണ വകുപ്പിന്റെ വിഹിതമായും, ബാക്കി പഞ്ചായത്ത് വിഹിതവും, ഗുണഭോക്തൃ വിഹിതവും ചേർത്ത് പഞ്ചായത്ത് തെരഞ്ഞെടുക്കുന്ന ഗുണഭോക്താ |

രെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതി കൊണ്ടുള്ള പ്രയോജനം ലഭിച്ചിട്ടുള്ളത്. ഒട്ടു മിക്ക ജില്ലയിലും പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞു

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) വിവിധ മൃഗസംരക്ഷണ ഉപാധികൾ ചെറിയ യൂണിറ്റുകളായി കർഷകരിൽ എത്തിക്കുകയും അതിലൂടെ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുകയുമാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ഒരു പഞ്ചായത്തിലെ എങ്കിലും എല്ലാ വീടുകളിലും എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ ആടുകൾ, കോഴി, താറാവ്, മുയൽ, കാട, കന്നുകുട്ടികൾ, ടർക്കി എന്നിവ വാങ്ങി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് നൽകാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. മൃഗസംരക്ഷണ വകുപ്പ് പദ്ധതി വിഹിതമായി 5 ലക്ഷം രൂപയും ബാക്കി പഞ്ചായത്ത് വിഹിതവും, ഗുണഭോക്തൃവിഹിതവും ചേർത്ത് പരമാവധി ഗുണഭോക്താക്കളിൽ പദ്ധതിയുടെ പ്രയോജനം എത്തിക്കുക എന്നതാണ് ഉദ്ദേശ്യ ലക്ഷ്യം

(സി) ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(സി)2011-12 വർഷത്തെ ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്റ്റ് പദ്ധതിയിൽ 14 ജില്ലകളിലെ 73 ഡയറി ബ്ലോക്കിലെ 14 തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. 2011-12-ലെ പദ്ധതി സ്പിൽഓവറായി വിവിധ ജില്ലകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതോടൊപ്പം 2012-13 വർഷത്തിൽ താഴെപ്പറയുന്ന 8 ഗ്രാമപഞ്ചായത്തുകളിലും ഒരു ബ്ലോക്ക് പഞ്ചായത്തിലുമാണ് നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുള്ളത്.

കോട്ടയം - കടപ്ലാമറ്റം
ആലപ്പുഴ - ചെന്നിത്തല
മലപ്പുറം - ആനക്കയം
തൃശൂർ - അതിരപ്പള്ളി
എറണാകുളം - ഇടക്കാട്ടുവയൽ
തിരുവനന്തപുരം - ഇലകമൺ
കൊല്ലം -നെടുമ്പന
പാലക്കാട് -കോട്ടോപ്പാടം
ഇടുക്കി-ഇടുക്കി ബ്ലോക്ക്പഞ്ചായത്ത്

| | |
|---|---|
| (ഡി) ഇതിന്റെ ഗുണഭോക്താക്കൾ ആരൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) തെരഞ്ഞെടുത്ത പഞ്ചായത്തിലെ ഓരോ വാർഡിലേയും ഗ്രാമസഭയുമായി ചേർന്ന് എ.പി.എൽ/ ബി.പി.എൽ തരം തിരിവില്ലാതെയാണ് പരമാവധി ഗുണഭോക്താക്കളെ കണ്ടെത്തിയത്. പഞ്ചായത്ത് അധികാരികൾ, പഞ്ചായത്തിലെ വെറ്ററിനറി സർജൻ/സീനിയർ വെറ്ററിനറി സർജൻ എന്നിവർ സഹകരിച്ച് ഓരോ ഗ്രാമസഭയുമായി ചർച്ചചെയ്താണ് ഗുണഭോക്താക്കളെയും വിതരണം ചെയ്യേണ്ട മൃഗസംരക്ഷണ ഉപാധികളുടെ എണ്ണവും തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ